# ചൈതന്യ കാർഷികമേളയിൽ നാളികേര സെമിനാറും കോക്കനട്ട് ഒളിമ്പിക്സ് മത്സരവും



• 15-ാമത് ചൈതന്യ കാർഷികമേളയോടനുബന്ധിച്ച് കോട്ടയം സോഷ്യൽ സർവീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ സംഘടിപ്പിച്ച കോക്കനട്ട് ഒളിമ്പിക്സ് മത്സരത്തിൽനിന്ന്

കോട്ടയം: 15-ാമത് ചൈതന്യ കാർഷികമേളയുടെയും സ്വാശ്രയ സംഘ മഹോത്സവത്തിന്റെയും രണ്ടാം ദിനമായ ഇന്നലെ നാളികേര സെമിനാറും കോക്കനട്ട് ഒളിമ്പിക്സ് മത്സരവും സംഘടിപ്പിച്ചു. സെമിനാറിന്റെ ഉദ്ഘാടനം കെ. അജിത് എം.എൽ.എ. നിർവഹിച്ചു.

നാളികേര വികസന ബോർഡ് ചെയർമാൻ ടി.കെ. ജോസ് അധ്യക്ഷത വഹിച്ചു. കെ.എസ്.എസ്.എസ്. സെക്രട്ടറി ഫാ. മൈക്കിൾ വെട്ടിക്കാട്ട്, കോട്ടയം പ്രിൻസിപ്പൽ അഗ്രികൾച്ചർ ഓഫീസർ വി.കെ. രാജു, നാളികേര വികസന ബോർഡ് ഡെപ്യൂട്ടി ഡയറക്ടർ ഡോ. രമണി ഗോപാലകൃഷ്ണൻ, മലബാർ സോഷ്യൽ സർവീസ് സൊസൈറ്റി സെക്രട്ടറി ഫാ. സുനിൽ പെരുമാനൂർ, കെ.എസ്.എസ്.എസ്. അസി. സെക്രട്ടറി ഫാ. ബിൻസ് ചേത്തലിൽ എന്നിവർ പ്രസംഗിച്ചു. തെങ്ങുകയറ്റ മെഷീൻ ഉപയോഗിച്ചുള്ള കോക്കനട്ട് ഒളിമ്പിക്സ് മത്സരവും നടത്തപ്പെട്ടു.

പുരുഷ വിഭാഗത്തിൽ തീക്കോയി സ്വദേശി ടോമി ജോസഫ്, ചാമക്കാല സ്വദേശി ആനന്ദ് ജോൺ, ദീപക് എന്നിവരും വനിതാ വിഭാഗത്തിൽ മണിമല സ്വദേശി ബിജി തോമസ്, വെള്ളൂർ സ്വദേശി മായ സ്റ്റീഫൻ, ഉഴവൂർ സ്വദേശി ലില്ലി തോമസ് എന്നിവരും വിജയികളായി.